പൊതു വിദ്യാഭ്യാസ
ഡയറകട്റുടെ കാര്യാലയം,
ഹയർസെക്കണ്ടറി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

നംബർ. ICT Cell/1771/2/HSE/2019 31/08/2019

# പത്രക്കുറിപ്പ്

**വിഷയം : പ്ലസ്‌വൺ ജില്ല/ ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ, മെരിറ്റ് വേക്കൻസി സീറ്റുകളിലെ അഡ്മിഷൻ**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പഠിതാക്കൾ ഇല്ലാത്ത പന്ത്രണ്ട് ഹയർസെക്കണ്ടറി ബാച്ചുകൾ മറ്റ് സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി ക്രമീകരിച്ചതിന്റെ ഫലമായുള്ള വേക്കൻസിയും പ്രവേശന നടപടികൾ ആഗസ്റ്റ് 7 ന് പൂർത്തീകരിച്ചപ്പോൾ നിലവിലുണ്ടായിരുന്ന വേക്കൻസിയും ചേർന്നുള്ള വേക്കൻസിയിൽ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെന്റിനായി അപേക്ഷിക്കാനുള്ള അവസരം **ആഗസ്റ്റ് 30** ന് ഉച്ചക്ക് 2 മണി വരെ നൽകിയിരുന്നു.. ഇത്തരത്തിൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള **ട്രാൻസ്ഫർ അലോട്ട്മെന്റ് റിസൾട്ട്** അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in -ൽ **പ്രസിദ്ധീകരിച്ചിട്ടുണ്ട്..** "TRANSFER ALLOT RESULTS" എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെന്റ് സ്ലിപ്പ് എടുത്ത് നൽകേണ്ടതുമാണ്. "TRANSFER ALLOT RESULTS" എന്ന ലിങ്കിലൂടെ ലഭിക്കുന്ന രണ്ട് പേജുള്ള അലോട്ട്മെന്റ് സ്ലിപ്പും യോഗ്യതസർട്ടിഫിക്കറ്റ്, റ്റി.സി, സ്വഭാവസർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധരേഖകൾ എന്നിവയുടെ അസ്സലുകളുമായി അലോട്ട്മെന്റ് ലഭിച്ച സ്കൂൾ/കോഴ്സിൽ **ഒന്നാം പാദ പരീക്ഷകൾ പൂർത്തിയാകുന്ന മുറയ്ക്ക് സെപ്തംബർ 2 മുതൽ സെപ്തംബർ 6 ന് വൈകിട്ട് 4** മണിക്കുള്ളിൽ പ്രവേശനം നേടേണ്ടതാണ്.

ഏകജാലക സംവിധാനത്തിന്റെ വിവിധ അലോട്ട്മെന്റുകളിൽ അപേക്ഷിച്ചിട്ടും നാളിതുവരെ പ്രവേശനം ലഭിക്കാത്തവർക്ക് സ്കൂൾ/കോമ്പിനേഷൻ ട്രൻസ്ഫറിനു ശേഷമുള്ള വേക്കൻസിയിൽ പ്രവേശനം നേടുന്നതിനായി **സെപ്തംബർ 2 ,3, 4 തീയതികളിൽ** അപേക്ഷ സമർപ്പിക്കാം. എന്നാൽ നിലവിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. നിലവിലുള്ള വേക്കൻസി

അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in –ൽ **സെപ്തംബർ 2 ന്** പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസിയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ വേക്കൻസിയുള്ള സ്കൂൾ പ്രിൻസിപ്പാളിന് /നേരത്തെ അപേക്ഷ സമർപ്പിച്ച സ്കൂൾ പ്രിൻസിപ്പാളിന് **സെപ്തംബർ 4** ന് വൈകിട്ട് 4 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും ഹയർസെക്കണ്ടറി ജോയിൻറ് ഡയറക്ടർ അറിയിച്ചു.

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**